"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ഗവ. കോളേജ് ടീച്ചേഴ്സ് ഒർഗനൈസേഷനും മറ്റുള്ളവരും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No.1203/2023 നമ്പർ കേസിലെ 11.08.2023-ലെ ഉത്തരവ് നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പി.ആർ.യു) വകുപ്പ്

സ.ഉ.(സാധാ) നം.8656/2023/FIN തീയതി,തിരുവനന്തപുരം, 08-12-2023

പരാമർശം:-

1. OA (EKM) No. 1203/2023 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.08.2023-ലെ ഉത്തരവ്.
2. ഗവ. കോളേജ് ടീച്ചേഴ്സ് ഒർഗനൈസേഷൻ 05.04.2022-ന് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നല്കിയ അപേക്ഷ.
3. 08.02.2021-ലെ സ.ഉ.(അച്ചടി) നം.25/2021/ധന.
4. കേന്ദ്ര സർക്കാരിന്റെ 25.10.2021-ലെ 1/4/2021-E-II(B) നമ്പർ മെമ്മോറാണ്ടം.
5. കേന്ദ്ര സർക്കാരിന്റെ 20.07.2021-ലെ 1/1/2020-E-II(B) നമ്പർ മെമ്മോറാണ്ടം.
6. കേന്ദ്ര സർക്കാരിന്റെ 23.04.2020-ലെ 1/1/2020-E-II(B) നമ്പർ മെമ്മോറാണ്ടം.

ഉത്തരവ്

2022 ജനുവരി മുതൽ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് നല്കിവരുന്ന ക്ഷാമബത്ത ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജ് അധ്യാപകർക്കും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഗവ. കോളേജ് ടീച്ചേഴ്സ് ഒർഗനൈസേഷൻ പരാമർശം രണ്ട് പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. തുടർന്ന്, മേൽ നിവേദനത്തിലെ ആവശ്യത്തിന്മേൽ അനുകൂല നടപടി ആവശ്യപ്പെട്ടുകൊണ്ട് ഗവ. കോളേജ് ടീച്ചേഴ്സ് ഒർഗനൈസേഷൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA (EKM) No.1203/2023 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ഒന്നാം കക്ഷിയെ നേരിൽ കേട്ടതിന് ശേഷം അനക്സർ എ1 (പരാമർശം 2)-ന്മേൽ നിയമപ്രകാരം നടപടി സ്വീകരിയ്ക്കുവാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 11.08.2023-ലെ ഉത്തരവ് പ്രകാരം അഞ്ചാം എതിർകക്ഷിയായ ധനകാര്യ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നല്കിയിരിക്കുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കേസിലെ ഒന്നാം കക്ഷിയെ 05.09.2023-ന് നേരിൽ കേൾക്കുകയുണ്ടായി. കോളേജ് അദ്ധ്യാപകരുടെ താഴെ സൂചിപ്പിക്കുന്ന ആവശ്യങ്ങൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം അനുവദിച്ച് തരണമെന്നാണ് ഹിയറിംഗ് വേളയിൽ കേസിലെ ഒന്നാം കക്ഷി ആവശ്യപ്പെട്ടത്;

i. കേന്ദ്രസർക്കാർ ജീവനക്കാർക്ക് നിലവിൽ ക്ഷാമബത്ത ലഭിക്കുന്നത് 42% നിരക്കിലാണ്. യു.ജി.സി ശമ്പള സ്കെയിലുകൾ ബാധകമായ കോളേജ് അദ്ധ്യാപകർക്കും കേന്ദ്രനിരക്കിൽ ക്ഷാമബത്ത ലഭിക്കാൻ അർഹതയുള്ളതാണ്. നിലവിൽ 17% മാത്രം ക്ഷാമബത്ത ലഭിക്കുന്ന കോളേജ് അദ്ധ്യാപകർക്ക്, 7 ഗഡുക്കളിലായി 25 ശതമാനം ക്ഷാമബത്തയാണ് കുടിശ്ശികയായി ലഭിക്കാനുള്ളത്. ഇപ്രകാരം താഴെ നൽകിയിരിക്കുന്ന പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതും നിലവിൽ കുടിശ്ശികയായതുമായ 2 5 % ക്ഷാമബത്ത അടിയന്തിരമായി അനുവദിച്ചുനൽകേണ്ടതാണ്.

| Month and Year | Total DA from the given month | Arrear DA to be released | Cumulative Arrears |
|---|---|---|---|
| January 2020 | 21% | 4% | 4% |
| July 2020 | 25% | 4% | 8% |
| January 2021 | 28% | 3% | 11% |
| July 2021 | 31% | 3% | 14% |
| January 2022 | 34% | 3% | 17% |
| July 2022 | 38% | 4% | 21% |
| **January 2023** | **42%** | **4%** | **25%** |

ii. കേന്ദ്ര സർക്കാർ ക്ഷാമബത്ത മരവിപ്പിച്ച കാലഘട്ടത്തിലേതും കോളേജ് അദ്ധ്യാപകർക്ക് ലഭിക്കാൻ യോഗ്യമായതുമായ, 2020 ജനുവരിയിലെയും (4%), 2020 ജൂലൈയിലെയും (4%) രണ്ട് ഗഡു ക്ഷാമബത്ത കുടിശ്ശികയടക്കം എത്രയും വേഗം അനുവദിക്കേണ്ടതാണ്.

3. 01.01.2020 മുതൽ 30.06.2021 വരെയുള്ള ക്ഷാമബത്ത കേന്ദ്ര സർക്കാർ പരാമർശം ആറ് പ്രകാരം മരവിപ്പിച്ചിട്ടുള്ളതാണ്. 01.01.2020, 01.07.2020, 01.01.2021 തീയതികളിൽ നല്കേണ്ട ക്ഷാമബത്ത 01.07.2021 മുതൽ അനുവദിക്കുന്ന ക്ഷാമബത്തയോടൊപ്പം മുൻകാലപ്രാബല്യമില്ലാതെ അനുവദിയ്ക്കുന്നതാണെന്നും അതിന് കുടിശ്ശിക അനുവദിക്കുന്നതല്ലെന്നും അതേ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പരാമർശം അഞ്ച് പ്രകാരം, 01.07.2021 മുതലുള്ള ക്ഷാമബത്ത നിരക്ക് 17% നിന്ന് 28% ആയി ഉയർത്തുകയും 01.01.2020 മുതൽ 30.06.2021 വരെ

17% ആണെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം നാല് പ്രകാരം 01.07.2021 മുതലുള്ള ക്ഷാമബത്ത നിരക്ക് 28%-ൽ നിന്ന് 31% ആയി ഉയർത്തുകയുണ്ടായി.

4. കേരള സർക്കാർ ജീവനക്കാർക്ക് പരാമർശം മൂന്ന് പ്രകാരം 01.01.2020, 01.07.2020 എന്നീ തീയതി പ്രാബല്യത്തിൽ ക്ഷാമബത്ത അനുവദിച്ചിരുന്നു. എന്നാൽ യു.ജി.സി ശമ്പള സ്കെയിലുകൾ ബാധകമായ കോളേജ് അദ്ധ്യാപകർക്ക് പരാമർശം അഞ്ച് പ്രകാരം 01.01.2020 മുതൽ 30.06.2021 വരെയുള്ള കാലയളവിൽ 17% ക്ഷാമബത്തയ്ക്ക് മാത്രമാണ് അർഹത. 01.07.2021 മുതൽ മാത്രമാണ് കേന്ദ്ര സർക്കാർ പിന്നീട് ക്ഷാമബത്ത അനുവദിച്ചിട്ടുള്ളത്. യു.ജി.സി /എ.ഐ.സി.റ്റി.ഇ / മെഡിക്കൽ വിദ്യാഭ്യാസം എന്നിവയിലുൾപ്പെടുന്ന അദ്ധ്യാപകർക്ക് പരാമർശം മൂന്ന് പ്രകാരം 01.07.2019 പ്രാബല്യത്തിൽ 17% ക്ഷാമബത്ത സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

5 . കോളേജ് അദ്ധ്യാപകർക്ക് കേന്ദ്ര നിരക്കിലുള്ള ശമ്പളത്തോടൊപ്പം കേന്ദ്ര നിരക്കിൽ ക്ഷാമബത്തയും അനുവദിക്കുന്നതിന്റെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. യു.ജി.സി മാനദണ്ഡങ്ങൾ അനുസരിച്ച് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന സാമ്പത്തികബാദ്ധ്യതയുടെ 50% കേന്ദ്ര സർക്കാർ വഹിക്കുമെന്നുള്ള ഉറപ്പിന്മേലാണ് 2016-ലെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയത്. എന്നാൽ പ്രസ്തുത ഇനത്തിൽ ലഭിക്കാനുള്ള 750 കോടി രൂപ ഇതുവരെ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച ശമ്പള സ്കെയിലിൽ 01.07.2020 വരെയുള്ള 7% ക്ഷാമബത്ത മാത്രമാണ് ഇതുവരെ അനുവദിച്ചുനല്കിയിട്ടുള്ളത്. സംസ്ഥാന സർക്കാർ ജീവനക്കാരുടേയും കേന്ദ്ര നിരക്കിൽ ശമ്പളം വാങ്ങുന്ന യു.ജി.സി. അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണ പ്രാബല്യ തീയതിയും ക്ഷാമബത്ത കണക്കാക്കുന്ന ഫോർമുലയും വ്യത്യാസമാണ്. കേന്ദ്ര സർക്കാർ ജീവനക്കാരുടെ 01.01.2016 മുതലുള്ള ക്ഷാമബത്ത കണക്കാക്കുന്ന ഫോർമുല ചുവടെ ചേർക്കുന്നു:

$$DA\% = \frac{\text{(Average of AICPI for previous 12 months - 261.4)}}{261.4} \times 100$$

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 01.07.2019 മുതലുള്ള ക്ഷാമബത്ത കണക്കാക്കുന്ന ഫോർമുല ചുവടെ ചേർക്കുന്നു:

$$DA\% = \frac{\text{(Average AICPI for previous 12 months − 306.1)}}{306.1} \times 100$$

ആയതിനാൽ സംസ്ഥാന ജീവനക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്തയുമായി യു.ജി.സി. അദ്ധ്യാപകരുടെ ക്ഷാമബത്ത താരതമ്യം ചെയ്യാനാവില്ല.

6. അഖിലേന്ത്യാ ഉപഭോക്തൃവില സൂചികയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് എടുക്കുന്ന നയപരമായ ധനകാര്യ മാനേജ്മെന്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പളപരിഷ്കരണം, പെൻഷൻ പരിഷ്കരണം, ക്ഷാമബത്ത, ക്ഷാമാശ്വാസം

തുടങ്ങിയ ആനുകൂല്യങ്ങൾ സർക്കാർ കാലാകാലങ്ങളിൽ അനുവദിച്ചുവരുന്നത്. ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാരിന്റെ പൊതുധനകാര്യ മാനേജ്മെന്റ് നയതീരുമാനവുമായി ബന്ധപ്പെട്ടതും വിഭവങ്ങളുടെ ലഭ്യതയും സർക്കാരിന്റെ ഭാവിധനകാര്യ സുസ്ഥിതിയും ഉറപ്പുവരുത്തികൊണ്ട് എടുക്കേണ്ട വിവേചനതീരുമാനവുമാണ്. സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്തക്കുള്ള അർഹത ഒരു തർക്കവസ്തുത അല്ലെങ്കിലും അത് അനുവദിക്കാൻ സർക്കാർ എടുക്കുന്ന തീരുമാനം തൊഴിലുടമ-തൊഴിലാളി റിലേഷനുമായി ബന്ധപ്പെട്ടുള്ള തീരുമാനത്തിലുപരി സർക്കാരിന്റെ സമഗ്ര പ്രകടനത്തെ ബാധിക്കുന്ന ഒരു പൊതുഭരണ-ധനകാര്യ മാനേജ്മെന്റ് തീരുമാനമാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അദ്ധ്യാപകർക്ക് കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന നിരക്കിൽ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടെങ്കിലും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് സംസ്ഥാന സർക്കാരിന്റെ നയതീരുമാനപ്രകാരമാണ് ആയത് അനുവദിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ക്ഷാമബത്ത അനുവദിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാരിന്റെ വികസന, ക്ഷേമ ഉത്തരവാദിത്തങ്ങളെ പ്രതികൂലമായി ബാധിക്കില്ലെന്ന് ഉറപ്പുവരുത്തിയും മാത്രമേ ഇക്കാര്യത്തിൽ സർക്കാരിന് തീരുമാനമെടുക്കാൻ കഴിയൂ. സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി പരിഗണിക്കുമ്പോൾ അധിക സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കുന്നതിന് അനുകൂലമല്ല. മഹാപ്രളയമടക്കമുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികൾ മൂലമുണ്ടായ സാമ്പത്തിക ബാദ്ധ്യതയിൽ നിന്ന് സംസ്ഥാനം കരകയറാൻ ശ്രമിക്കുന്ന ഈ പ്രതികൂല സാഹചര്യത്തിൽ കോളേജ് അദ്ധ്യാപകർക്ക് 2022 ജനവരി വരെയുള്ള ക്ഷാമബത്ത അനുവദിക്കുന്ന വിഷയം പരിഗണിക്കാനാവില്ല. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

7. മേൽ പരാമർശിച്ചിരിക്കുന്ന യാഥാർത്ഥ്യങ്ങളുടെയും വസ്തുതകളുടെയും വെളിച്ചത്തിൽ ഒന്നാം എതിർകക്ഷി പരാമർശം രണ്ടായി സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന നിവേദനവും ടി കക്ഷിയെ നേരിൽകേട്ട വേളയിൽ കക്ഷി ഉന്നയിച്ച ആവശ്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചു. കക്ഷി ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ ന്യായമാണെങ്കിലും മുൻ ഖണ്ഡികയിൽ വ്യക്തമാക്കിയിരിക്കുന്ന കാരണങ്ങളാൽ പ്രസ്തുത ആവശ്യങ്ങൾ അനുവദിച്ചുകൊണ്ട് അനുകൂലതീരുമാനമെടുക്കാൻ നിലവിലെ സാഹചര്യത്തിൽ സർക്കാരിന് അസാധ്യമാണ്. ഈ സാഹചര്യത്തിൽ, ഒന്നാം എതിർകക്ഷിയുടെ പരാമർശം രണ്ടിലെ നിവേദനം നിരസിച്ച സർക്കാർ തിരുമാനമെടുത്തുകൊണ്ട് ഗവ. കോളേജ് ടീച്ചേഴ്സ് ഒർഗനൈസേഷനും മറ്റുള്ളവരും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No. 1203/2023 നമ്പർ കേസിലെ 11.08.2023 തീയതി ഉത്തരവ് ഇപ്രകാരം നടപ്പിൽ വരുത്തി സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ.എം.ജാഫർ

അഡിഷണൽ സെക്രട്ടറി

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) I/II, കേരള, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.

ഡോ. ബിനു സി. കുര്യൻ, (പ്രസിഡന്റ്, ഗവ. കോളേജ് ടീച്ചേഴ്സ് ഒർഗനൈസേഷൻ, കേരള), അസോസിയേറ്റ് പ്രൊഫസർ, ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് - 678001.

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഉന്നതവിദ്യാഭ്യാസ വകുപ്പ്.

നോഡൽ ഓഫീസർ, www.finance.kerala.gov.in

കരുതൽ ഫയൽ / ഓഫീസ് കോപ്പി (PRU-2/31/2023-FIN, E 2506311)

ഉത്തരവിൻ പ്രകാരം

Vani Raj

സെക്ഷൻ ഓഫീസർ